**കേരള സർക്കാർ**

**സംഗ്രഹം**

ഉപഭോക്തൃകാര്യ വകുപ്പ് - ലീഗൽ മെട്രോളജി- സമാശ്വാസ തൊഴിൽദാന പദ്ധതി- ഇൻസ്പെക്ടിങ് അസിസ്റ്റന്റ് ആയിരിക്കെ മരണപ്പെട്ട ഉല്ലാസ് എം.യു.- വിന്റെ ഭാര്യ ശ്രീമതി.പ്രസീത സി.ഇ.-യ്ക്ക് ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉപഭോക്തൃകാര്യ വകുപ്പ്**

**സ.ഉ.(കൈ)നം.1/2024/സിഎഡി. തീയതി, തിരുവനന്തപുരം, 16-02-2024.**

---

പരാമർശം: 1. സ.ഉ. (പി) നം.12/1999/ഉഭപവ. തീയതി. 24-05-1999.

2. സ.ഉ. (പി) നം.37/2002/ഉഭപവ, തീയതി. 17-07-2002.

3. സ.ഉ. (പി) നം.14/2010/ഉഭപവ, തീയതി. 12-04-2010.

4. സ.ഉ. (പി) നം.07/2012/ഉഭപവ, തീയതി. 06-02-2012.

5. സ.ഉ. (പി) നം.23/2015/ഉഭപവ, തീയതി. 25-07-2015.

6. സ.ഉ. (പി) നം.1/2018/ഉഭപവ. തീയതി. 07-01-2018.

7. സ.ഉ.(കൈ) നം.5/2018/ഉഭപവ. തീയതി. 21-02-2018.

8. സ.ഉ. (പി) നം.7/2018/ഉഭപവ. തീയതി. 28-04-2018.

9. സ.ഉ. (പി) നം.12/2023/ഉഭപവ. തീയതി. 14-07-2023.

10. ശ്രീമതി.പ്രസീത സി.ഇ.യുടെ 27-07-2022 ലെ ആശ്രിത നിയമന അപേക്ഷ.

11. ലീഗൽ മെട്രോളജി കൺട്രോളറുടെ 08-02-2023, 10-03-2023, 03-07-2023, 22-05-2023, 21-09-2023, 05-11-2023, 23-01-2024 തീയതികളിലെ ബി 2-171/23 നമ്പർ കത്തുകൾ.

12. തൃശ്ശൂർ ജില്ലാ കളക്ടറുടെ 27-12-2022 ലെ എ 6/1147/2022 നമ്പർ കത്ത്.

**ഉത്തരവ്**

ലീഗൽ മെട്രോളജി വകുപ്പിൽ, ചാവക്കാട് ലീഗൽ മെട്രോളജി ഇൻസ്പെക്ടറാഫീസിൽ ഇൻസ്പെക്ടിങ് അസിസ്റ്റന്റ് ആയിരിക്കെ 02-11-2021 ന് മരണപ്പെട്ട ഉല്ലാസ് എം.യു.-വിന്റെ ഭാര്യയായ ശ്രീമതി.പ്രസീത സി.ഇ. (മണിയിൽ ഹൗസ്, ചിറ്റഞ്ഞൂർ സൗത്ത് പി.ഒ. കീഴൂർ വഴി, തൃശ്ശൂർ-680523) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള ജോലി ലഭിക്കുന്നതിനായി പരാമർശം (10) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ലീഗൽ മെട്രോളജി വകുപ്പിൽ കണ്ണൂർ ജില്ലയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്കാണ് നിയമനത്തിനായി ടിയാൾ അപേക്ഷിച്ചിരുന്നത്.

2) തൃശ്ശൂർ ജില്ലയിലെ ചാവക്കാട് ലീഗൽ മെട്രോളജി ഇൻസ്പെക്ടറാഫീസിൽ ഇൻസ്പെക്ടിങ് അസിസ്റ്റന്റ് തസ്തികയിൽ ജോലിനോക്കി വരവെ 02-11-2021 ന് മരണപ്പെട്ട ഉല്ലാസ് എം.യു. 14-08-2000-ത്തിലാണ് സർവ്വീസിൽ പ്രവേശിച്ചത്. ശ്രീമതി.പ്രസീത സി.ഇ., മണിയിൽ ഹൗസ്,

ചിറ്റഞ്ഞൂർ സൗത്ത് പി.ഒ. കീഴൂർ വഴി, തൃശ്ശൂർ-680523. മരണപ്പെട്ട ജീവനക്കാരന്റെ ആശ്രിതയാണ്. അപേക്ഷകയുടെ ജനനത്തീയതി 10-05-1970 ആണ്. എസ്സ്.എസ്സ്.എൽ.സി. പാസായിട്ടില്ലാത്ത ടിയാൾ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനത്തിന് അർഹയാണെന്ന് തൃശ്ശൂർ ജില്ലാ കളക്ടർ പരാമർശം (12) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപേക്ഷകയുടെ കുടുംബ വാർഷിക വരുമാനം 72,000/- (എഴുപത്തി രണ്ടായിരം രൂപ മാത്രം) രൂപയാണെന്ന് വ്യക്തമാക്കുന്ന ബന്ധപ്പെട്ട വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട്.

3) ശ്രീമതി.പ്രസീത സി.ഇ. അപേക്ഷിച്ചിട്ടുള്ള കണ്ണൂർ ജില്ലയിൽ 2023, 2024 വർഷങ്ങളിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഒഴിവുകൾ ഉണ്ടാകുന്നില്ലെന്ന് കൺട്രോളർ അറിയിച്ചിരുന്നെങ്കിലും, ലീഗൽ മെട്രോളജി എറണാകുളം സെൻട്രൽ ലാബോറട്ടറി ഡെപ്യൂട്ടി കൺട്രോളറാഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.സന്ദീപ് സനൽ പി.എസ്.-നെ 10-07-2023 തീയതിയിൽ വകുപ്പിൽ നിന്നും വിടുതൽ ചെയ്തതിനാൽ ടി തസ്തികയിൽ ഉണ്ടായ ഒഴിവ് മരണപ്പെട്ട എം.യു.ഉല്ലാസ്-ന്റെ ഭാര്യ ശ്രീമതി.സി.ഇ.പ്രീതയുടെ ആശ്രിത നിയമനത്തിനായി മാറ്റിവെച്ചിട്ടുണ്ടെന്നും, 89 ഓഫീസ് അറ്റൻഡന്റ് തസ്തികയും 56 ഫുൾ ടൈം വാച്ചർ തസ്തികയും ഉൾപ്പെടുന്ന ലീഗൽ മെട്രോളജി വകുപ്പിലെ 145 ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പരമാവധി 5% നിയമനം നടത്താൻ കഴിയുന്നതനുസരിച്ച് പരമാവധി 7 പേർക്ക് നിയമനം നൽകാവുന്നതാണെന്നും, നിലവിൽ 5 പേർ ആശ്രിത നിയമന പദ്ധതി പ്രകാരം ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ജോലി ചെയ്തുവരുന്നതായും, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമന അനുപാതം അധികരിച്ചിട്ടില്ലെന്നും, ഇതനുസരിച്ച് ശ്രീമതി.പ്രസീത സി.ഇ.-യ്ക്ക് നിയമനം നൽകാവുന്നതാണെന്നും പരാമർശം (11) പ്രകാരം ലീഗൽ മെട്രോളജി കൺട്രോളർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) മേൽ സാഹചര്യത്തിൽ, പരാമർശം (11), (12) എന്നീ ശുപാർശകൾ പ്രകാരം തൃശ്ശൂർ ജില്ലയിലെ ചാവക്കാട് ലീഗൽ മെട്രോളജി ഇൻസ്പെക്ടറാഫീസിൽ ഇൻസ്പെക്റ്റിങ് അസിസ്റ്റന്റ് ആയിരിക്കെ മരണപ്പെട്ട ഉല്ലാസ് എം.യു.-വിന്റെ ഭാര്യ ശ്രീമതി.പ്രസീത സി.ഇ., മണിയിൽ ഹൗസ്, ചിറ്റഞ്ഞൂർ സൗത്ത് പി.ഒ. കീഴൂർ വഴി, തൃശ്ശൂർ-680523-യ്ക്ക് പരാമർശം (1) മുതൽ (9) വരെയുള്ള സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി ലീഗൽ മെട്രോളജി വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ആശ്രിതനിയമന പദ്ധതി പ്രകാരം നിയമനം നൽകിയും, ടിയാൾക്ക് എറണാകുളം സെൻട്രൽ ലാബോറട്ടറി ഡെപ്യൂട്ടി കൺട്രോളറാഫീസിലെ ഓഫീസ് അറ്റൻഡന്റിന്റെ നിലവിലുള്ള ഒഴിവിലേക്ക് നിയമനം നൽകുന്നതിന് ലീഗൽ മെട്രോളജി കൺട്രോളർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു. ലീഗൽ മെട്രോളജി വകുപ്പിൽ, കണ്ണൂർ ജില്ലയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഒഴിവ് ഉണ്ടാകുന്ന മുറയ്ക്ക് സീനിയോറിറ്റി നഷ്ടപ്പെടാതെ ടിയാൾക്ക് മാറ്റം നൽകേണ്ടതുമാണ്.

5) ശ്രീമതി. പ്രസീത സി.ഇ.-യ്ക്ക്, ലീഗൽ മെട്രോളജി കൺട്രോളർ നിയമന ഉത്തരവ് നൽകേണ്ടതും, ടിയാളുടെ ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യത, തിരിച്ചറിയൽ, ആരോഗ്യക്ഷമത തുടങ്ങിയ കാര്യങ്ങൾ തെളിയിക്കുന്നതിനുള്ള രേഖകൾ നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ടിയാൾ ജോലിയിൽ പ്രവേശിക്കുന്നതിന് മുൻപ് പരിശോധിച്ച് ഉറപ്പാക്കേണ്ടതുമാണ്.

6) പരാമർശം (6) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപേക്ഷകയ്ക്ക് നിലവിൽ മറ്റ് ജോലിയില്ല എന്ന വസ്തുത ഉറപ്പ് വരുത്തുന്നതിലേയ്ക്കായി ടിയാളിൽ നിന്നും സത്യവാങ്മൂലം ലഭ്യമാക്കിയതിനു ശേഷം മാത്രം നിയമന ഉത്തരവ് നൽകേണ്ടതാണ്. കൂടാതെ പരാമർശം (9) ലെ സർക്കാർ ഉത്തരവ് പ്രകാരം, മരണമടഞ്ഞ സർക്കാർ ജീവനക്കാരനായ ഉല്ലാസ് എം.യു.-വിന്റെ മറ്റ് നിയമപ്രകാരമുള്ള ആശ്രിതരെ സംരക്ഷിച്ച് കൊള്ളാമെന്ന് ടിയാളിൽ നിന്നും സമ്മതപത്രം വാങ്ങേണ്ടതും, ഭാവിയിൽ ടിയാൾ ആശ്രിതരെ സംരക്ഷിക്കാത്ത അവസ്ഥ സംജാതമായി എന്ന് ബന്ധപ്പെട്ട അധികാരികൾ റിപ്പോർട്ട് ചെയ്യുമ്പോഴോ അല്ലെങ്കിൽ നിയമനാധികാരിക്ക് ബോദ്ധ്യം വരുന്ന സാഹചര്യത്തിലോ ടിയാളുടെ മാസശമ്പളത്തിൽനിന്നും 25% തുക സ്ഥിരമായി റിക്കവറി നടത്തി ആശ്രിതർക്ക് നൽകുന്നതാണ് എന്ന വ്യവസ്ഥകൂടി നിയമന ഉത്തരവിൽ ഉൾപ്പെടുത്തേണ്ടതാണ്.

7) ഈ പദ്ധതി പ്രകാരം ജോലിയ്ക്ക് അപേക്ഷ സമർപ്പിച്ചപ്പോഴോ, തുടർന്നും അപേക്ഷക എന്തെങ്കിലും തെറ്റായ വിവരങ്ങൾ നൽകുകയോ, ഏതെങ്കിലും വിവരം മറച്ചുവയ്ക്കുകയോ ചെയ്തിട്ടുണ്ടെന്ന് തുടർ പരിശോധനയിൽ /ഭാവിയിൽ ബോദ്ധ്യപ്പെട്ടാൽ ടിയാളുടെ നിയമനം റദ്ദാക്കുന്നതാണ്.

8) അപേക്ഷകയ്ക്ക് നിയമനം നൽകിയതിന്റെ വിശദാംശങ്ങൾ പരേതനായ ജീവനക്കാരന്റെ സർവ്വീസ് ബുക്കിലും, അവസാനമായി ജോലി നോക്കിയ ഓഫീസിലെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതും, ഓഫീസ് മേധാവി ആയത് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. നിയമന ഉത്തരവിന്റെ പകർപ്പ് വകുപ്പ് മേധാവി താമസംവിനാ സർക്കാരിലേയ്ക്ക് അയയ്ക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

സീന എ.എൻ.

ജോയിന്റ് സെക്രട്ടറി

ശ്രീമതി.പ്രസീത സി.ഇ., മണിയിൽ ഹൗസ്, ചിറ്റഞ്ഞൂർ സൗത്ത് പി.ഒ, കീഴൂർ വഴി,
തൃശ്ശൂർ-680523. (രജിസ്റ്റേർഡ് പോസ്റ്റ് പ്രകാരം)

ലീഗൽ മെട്രോളജി കൺട്രോളർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, തൃശ്ശൂർ.

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം.

നവ-ദൃശ്യ-അച്ചടി വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിനായി).

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (ഫയൽ നം.സിഎ 4/26/2023/സിഎഡി).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് – ബഹു.ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്